"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ്- ഇടുക്കി തീയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിന് തത്വത്തിൽ ഭരണാനുമതി നൽകിയും, പ്രസ്തുത നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനത്തിന് തുക അനുവദിച്ചും, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ നിയോഗിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.127/2026/CLAD തീയതി, തിരുവനന്തപുരം, 12-02-2026

പരാമർശം:-
1. സ.ഉ.(അ) നം.67/2021/ധന തീയതി 28.04.2021.
2. സ.ഉ.(സാധാ) നം. 6346/2022/ധന തീയതി 14.09.2022.
3. കെ.എസ്.എഫ്.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ 06.01.2026 തീയതിയിലെ 4377/T2/2022/KSFDC നമ്പർ കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികളിലെ ക്രമ നമ്പർ 1866 ആയി ഉൾപ്പെടുത്തിയിട്ടുള്ള "ഇടുക്കി മൾട്ടിപ്ലക്സ് തീയേറ്റർ" എന്ന പ്രവൃത്തിയ്ക്ക് 10 കോടി രൂപ അടങ്കലിൽ പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയാക്കി 20 ശതമാനം തുക വകയിരുത്തിയിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം മേൽ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് വകുപ്പിൽ നിന്നും സാംസ്കാരിക വകുപ്പിലേക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (3) കത്ത് പ്രകാരം ഇടുക്കി തീയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നതിന് പദ്ധതിയുടെ കൺസെപ്റ്റ് നോട്ട് സഹിതം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി തീയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിന് 10 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകിയും, പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായുള്ള Soil Investigation, Architectural Plan Preparation, MEP & Structural Design തുടങ്ങിയ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ചുകൊണ്ടും, പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ നിയോഗിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ നിർമ്മാണപ്രവൃത്തി ചുവടെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ച്

നിർവ്വഹിക്കേണ്ടതാണ്.

i. അക്രഡിറ്റഡ് ഏജൻസികൾ വഴി പദ്ധതി നടപ്പിലാക്കുമ്പോൾ അക്രഡിറ്റഡ് ഏജൻസികളുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ ഉത്തരവുകളും പാലിക്കേണ്ടതാണ്.
ii. PMC ചാർജ്, ആർക്കിടെക്ചറൽ ഫീസ് എന്നിവയുൾപ്പെടെയുള്ള സെന്റേജ് ചാർജ്ജുകൾ പരാമർശം (1) ഉത്തരവ് അടിസ്ഥാനമാക്കിയാവണം അനുവദിക്കേണ്ടത്.
iii. നിലവിലുള്ള എല്ലാ സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. ഏതെങ്കിലും തരത്തിലുള്ള ചട്ട ലംഘനത്തിന് സർക്കാരിന്റെ സാധൂകരണം ലഭിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന
കോർപ്പറേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3394036/PU-C2/18/2026-FIN Dated 07.02.2026)
കരുതൽ ഫയൽ (A3/76/2022-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 13-02-2026 11:39:48
സെക്ഷൻ ഓഫീസർ

പകർപ്പ് : 1) ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2) സാംസ്കാരിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.
3) സാംസ്കാരിക കാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്